# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2321

20.06.2012-ൽ മറുപടിയ്ക്ക്

**<u>കാര്യംകോട് പുഴ-പാലായി വളവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം</u>**

ചോദ്യം : ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

കാസർഗോഡ് ജില്ലയിലെ തെക്കൻ ഭാഗങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമായും കാർഷികാവശ്യങ്ങൾ ഉദ്ദേശിച്ചുകൊണ്ടുമുള്ള കാര്യംകോട് പുഴയിൽ പാലായി വളവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടും പദ്ധതിക്കുള്ള അനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; ഈ പദ്ധതിക്ക് എപ്പോൾ അനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

കാസർഗോഡ് ജില്ലയിലെ കാര്യങ്കോട് പുഴയിൽ പാലാഴി വളവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് പര്യവേഷണവും രൂപകല്പനയും വിഭാഗം ചീഫ് എഞ്ചിനീയറുടെ പരിഗണനയിലാണ്. രൂപകല്പനയുടെ അംഗീകാരത്തിന് ശേഷമേ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമുള്ളൂ.

സെക്ഷൻ ഓഫീസർ